## പന്ത്രണ്ടാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

# 2006 ജൂൺ 29-ാം തീയതി വ്യാഴാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ

(ആകെ ചോദ്യങ്ങൾ - 23 )

186. ശബരിമലയ്ക്കുവേണ്ടി മാസ്റ്റർ പ്ളാൻ
187. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി
188. സർക്കാർ/ എയിഡഡ് സ്കുളുകളിൽ കുട്ടികളുടെ എണ്ണം
189. റവന്യൂ കാർഡ്
190. വിദ്യാഭ്യാസ വായ്പ ലഭ്യമാക്കുന്നതിന് നടപടി
191. സാക്ഷരതാ മിഷന്റെ പ്രവർത്തനം
192. സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലെ ക്രമക്കേടുകൾ
193. സഹകരണമേഖലയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടി
194. കാർഷിക കടങ്ങൾ എഴുതി തള്ളുക നിമിത്തം പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ നഷ്ടത്തിലാകാൻ സാദ്ധ്യത
195. റവന്യൂ ഓഫീസുകളിൽ കമ്പ്യൂട്ടർവത്ക്കരണ പരിപാടികൾ
196. വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർത്ഥികളുടെ ഉപരിപഠനം
197. സഹകരണമേഖലയിലെ അഴിമതി
198. പ്രൊഫഷണൽ കോളേജ് പ്രവേശനത്തിനുള്ള കൗൺസലിംഗ്
199. അനുഷ്ഠാന കലാകാരൻമാർക്ക് സഹായം നൽകുന്നതിന് നടപടി
200. ഗവൺമെന്റ് പ്രൊഫഷണൽ കോളേജുകളിലെ ഫീസ്
201. പരിയാരം മെഡിക്കൽ കോളേജിൽ പി.ജി. കോഴ്സിലേക്കുള്ള പ്രവേശനം
202. നിർധനരായ മുന്നോക്ക വിഭാഗം പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം
203. സ്കൂളുകളിൽ ലബോറട്ടറി സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി
204. സഹകരണ സ്ഥാപനങ്ങൾ വഴി നൽകിയ വിദ്യാഭ്യാസ വായ്പകൾ
205. ഓപ്പൺ സർവ്വകലാശാല സ്ഥാപിയ്ക്കാൻ നടപടി
206. പുനർ വായ്പയ്ക്ക് ചുമത്തുന്ന പലിശ
207. മലയാളം മീഡിയത്തിൽ പഠിച്ച വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരീക്ഷകളിൽ സംവരണം
208. സഹകരണ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ്

# <u>ശബരിമലയ്ക്കുവേണ്ടി മാസ്റ്റർ പ്ളാൻ</u>

*186 ശ്രീ. ടി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയ്ക്ക് വേണ്ടി മാസ്റ്റർ പ്ളാൻ തയ്യാറാക്കുന്നുണ്ടോ;

(ബി) എങ്കിൽ ആരാണ് തയ്യാറാക്കുന്നത്;

(സി) അതിന്റെ പുരോഗതി ഏതു ഘട്ടത്തിലിരിക്കുന്നു എന്നറിയിക്കുമോ;

(ഡി) ശബരിമലയ്ക്ക് വേണ്ടി വികസന പ്ളാൻ തയ്യാറാക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന് പരിപാടിയുണ്ടോ;

(ഇ) എങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടിയെടുത്തു എന്ന് വ്യക്തമാക്കുമോ?

## <u>ഉത്തരം</u>

## ശ്രീ. ജി.സുധാകരൻ
## (സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി)

(എ) & (ബി) ശബരിമലയ്ക്ക് വികസനത്തിനു വേണ്ടി മാസ്റ്റർ പ്ളാൻ തയ്യാറാക്കുന്നുണ്ട്. ഡൽഹി ആസ്ഥാനമായുള്ള ഇക്കോസ്മാർട്ട് ഇന്ത്യാ ലിമിറ്റഡ് എന്ന കൺസൽട്ടൻസിയാണ് ഇത് തയ്യാറാക്കുന്നത്.

(സി) ഔട്ട്ലൈൻ ഓഫ് മാസ്റ്റർ പ്ളാൻ എന്ന പ്രാഥമിക രേഖയാണ് ഇക്കോസ്മാർട്ട് ആദ്യം തയ്യാറാക്കിയിരിക്കുന്നത്. ഇത് കേന്ദ്ര സർക്കാരും ബഹു.സുപ്രീം കോടതിയും അംഗീകരിക്കുകയും ഇതനുസരിച്ച് നിലയ്ക്കലിൽ 110.524 ഹെക്ടർ വനഭൂമിയും, പെരിയാർ വന്യമൃഗ സങ്കേതത്തിലുള്ള 12.675 ഹെക്ടർ വനഭൂമിയും (പമ്പ മുതൽ സന്നിധാനം വരെയുള്ള നടപ്പാത) കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. ശബരിമല മാസ്റ്റർ പ്ളാനിന്റെ രണ്ടാം ഘട്ടമായ 10 മുതൽ 15 വർഷത്തേക്കുള്ള ഇടക്കാല മാസ്റ്റർ പ്ളാനും 40 മുതൽ 50 വർഷത്തേക്കുള്ള വിപുലമായ മാസ്റ്റർ പ്ളാുമാണ് ഇനി ഇക്കോസ്മാർട്ട് തയ്യാറാക്കാനുള്ളത്.

(ഡി) ഇക്കോസ്മാർട്ട് തയ്യാറാക്കുന്ന മാസ്റ്റർ പ്ളാൻ പ്രകാരം ലഭ്യമാകുന്ന ഭൂമിയിൽ വികസന പ്രവർത്തനങ്ങൾ നടത്തേണ്ടത് ട്രാവൻകൂർ ദേവസ്വം ബോർഡ് ആയതിനാലും കേന്ദ്ര സർക്കാരും, കേരള സർക്കാരും വികസന പ്ളാൻ തയ്യാറാക്കാൻ പ്രസ്തുത ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുള്ളതിനാലും ദേവസ്വം ബോർഡ് പ്രത്യേക പരിപാടിയൊന്നും തയ്യാറാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

# <u>വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി</u>

*187 ശ്രീ.പി.എം.എ. സലാം
ശ്രീ.കെ.പി. മോഹനൻ
ശ്രീ.എ.കെ. ശശീന്ദ്രൻ
ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ ഗ്രാമപ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകിരിക്കാമോ ?

**<u>ഉത്തരം</u>**

**ശ്രീ. എ.കെ.ബാലൻ**
**(പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി)**

(എ) & (ബി) ഉണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കൽ, നിലവിലുള്ള സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കൽ, റീ കണ്ടക്ടറിംഗ്, കപ്പാസിറ്റർ ബാങ്കുകൾ സ്ഥാപിക്കൽ എന്നീ പ്രവർത്തനങ്ങളാണ് പ്രസരണ മേഖലയിൽ നടന്നുവരുന്നത്. നിർമ്മാണത്തിലുള്ള സബ്സ്റ്റേഷനുകളുടെ പ്രവർത്തനമാരംഭിക്കുന്നതോടുകൂടി ഗ്രാമപ്രദേശങ്ങളിലെ വോൾട്ടേജ് നില ഗണ്യമായി മെച്ചപ്പെടുന്നതാണ്. (വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. അനുബന്ധം നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്.)

വിതരണ വിഭാഗത്തിൽ 11 കെ.വി. ലൈനുകൾ നിർമ്മിക്കുക, പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക, നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുക, സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കി മാറ്റുക എന്നീ ജോലികൾ വോൾട്ടേജ് ഇംപ്രൂവ്മെന്റ്- സിസ്റ്റം ഇംപ്രൂവ്മെന്റ് പദ്ധതികളിൽ ഉൾപ്പെടുത്തി മുൻഗണനാക്രമത്തിൽ ചെയ്തുവരുന്നുണ്ട്.

വോൾട്ടേജ് ക്ഷാമം കൂടുതൽ അനുഭവപ്പെടുന്ന പീക്ക് ലോഡ് സമയത്ത് വൈദ്യുതോൽപ്പാദനം വർദ്ധിപ്പിച്ചു ആവശ്യമായത്ര വോൾട്ടേജ് നിലനിർത്തുന്നതിനുവേണ്ട പദ്ധതികൾക്ക് രൂപം നൽകി നടപ്പാക്കി വരുന്നുണ്ട്.

കൂടാതെ കേന്ദ്ര ഗവണ്മെന്റിന്റെ സഹായത്തോടുകൂടി ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്ന എ.പി.ഡി.ആർ.പി. പദ്ധതിയും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് മുൻഗണന നൽകുന്നുണ്ട്.

# <u>സർക്കാർ/ എയിഡഡ് സ്കുളുകളിൽ കുട്ടികളുടെ എണ്ണം</u>

*188 പ്രൊഫ. കെ. വി. തോമസ്
ശ്രീ. കെ. സി. വേണുഗോപാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ്/ എയിഡഡ് മേഖലകളിലുള്ള സ്കുളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഗവൺമെന്റ്/ എയിഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറയുമ്പോൾ അൺ എയ്ഡഡ് സ്കുളുകളിലും കേന്ദ്ര സിലബസനുസരിച്ച് അഭ്യസനം നടക്കുന്ന സ്കുളുകളിലും വിദ്യാർത്ഥി കളുടെ എണ്ണം കൂടിവരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ കാരണമെന്ത് എന്ന് വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. എം.എ.ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) ഗവൺമെന്റ്/ എയിഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം കുറയാനുള്ള പ്രധാനകാരണങ്ങൾ ഇവയാണ്.

- കുറേ വർഷങ്ങളായി കേരളത്തിലെ ജനനനിരക്ക് കുറഞ്ഞുകൊണ്ടിരിക്കുന്നു.
- നിലവിലുള്ള ഗവൺമെന്റ്/ എയിഡഡ് സ്കൂളുകൾക്കടുത്ത് തന്നെ ശാസ്ത്രീയമായ സർവെ നടത്താതെ അൺ എയ്ഡഡ്, സി.ബി.എസ്.ഇ., ഐ.സി.എസ്.സി. സ്കൂളുകൾ ആരംഭിച്ചത്.
- ഇംഗ്ളീഷ് മീഡിയം സ്കൂളുകളോട് ചില രക്ഷിതാക്കൾക്കുള്ള അശാസ്ത്രീയവും വ്യാമോഹനിഷ്ഠവുമായ താല്പര്യം.
- വളരെ അകലെയുള്ള മറ്റ് സ്കൂളുകളിൽ പഠിക്കേണ്ട കുട്ടികളെ പ്രത്യേക വാഹനത്തിൽ കൊണ്ടുവരുന്ന രീതി അൺ എയ്ഡഡ്, സി.ബി.എസ്.ഇ., ഐ.സി.എസ്.സി. സ്കൂളുകളിൽ നിലവിലുള്ളതിനാൽ.

(സി)

ഉണ്ട്. പ്രധാനകാരണങ്ങൾ താഴെ കൊടുക്കുന്നു.

- കേന്ദ്ര സിലബസ് അനുസരിച്ച് പ്രവർത്തിക്കുന്ന സ്കൂളുകൾ, സംസ്ഥാന സിലബസ് അനുസരിച്ച് പ്രവർത്തിക്കുന്നവയെക്കാൾ മെച്ചമാണെന്ന ഒരു വിഭാഗം ജനങ്ങളുടെ അഭിപ്രായം.
- നിലവിലുള്ള ഗവൺമെന്റ്/ എയിഡഡ് സ്കൂളുകൾക്കടുത്ത് തന്നെ. കേന്ദ്ര സിലബസ് അനുസരിച്ച് പഠിക്കുന്ന സ്കൂളുകൾ സ്ഥാപിച്ചത്.
- ഇംഗ്ളീഷ് മീഡിയം വിദ്യാലയങ്ങളോടുള്ള ചില രക്ഷിതാക്കൾക്കുള്ള അശാസ്ത്രീയ താല്പര്യം.
- കേന്ദ്ര സിലബസ് അനുസരിച്ച് പ്രവർത്തിക്കുന്ന സ്കൂളുകൾക്ക്, വളരെ അകലെ നിന്നുപോലും കുട്ടികളെ സ്കൂളിലെത്തിക്കാനുള്ള വാഹനസൗകര്യം ഉള്ളതിനാൽ.

## റവന്യൂ കാർഡ്

| | | |
|---|---|---|
| *189 | ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി<br>,, മഞ്ഞളാംകുഴി അലി<br>,, കെ. കെ. ദിവാകരൻ<br>,, വി. ചെന്താമരാക്ഷൻ<br>,, സി. കെ. പി. പത്മനാഭൻ | താഴെ കാണുന്ന ചോദ്യങ്ങൾക്ക് **റവന്യൂ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ: |

(എ) റവന്യൂ കാർഡ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) റവന്യൂ കാർഡ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം വിവരങ്ങളാണ് കാർഡിൽ ഉൾപ്പെടുത്തുന്നത്;

(ഡി) കാർഡ് എന്നു മുതൽ വിതരണം ചെയ്യാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കെ.പി. രാജേന്ദ്രൻ**

**(റവന്യൂ വകുപ്പു മന്ത്രി)**

(എ) 1999-ലെ കേരള റവന്യൂ കാർഡ് ആക്ട്ടു പ്രകാരം 12.12.1999ൽ ചട്ടങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ ചട്ടം (3) പ്രകാരം ഈ നിയമം പ്രാബല്യത്തിൽ വരുന്ന തീയതി ഗസറ്റ് വിജ്ഞാപനം വഴി പ്രസിദ്ധീകരിച്ചിട്ടില്ല. നിർദ്ദിഷ്ട റവന്യൂ കാർഡിലെ വിവരങ്ങളിൽ കൂടുതൽ ഭേദഗതികൾ ആവശ്യമായി കണ്ടതിനാൽ അക്കാര്യം വിശദമായി പഠിച്ചു വരുന്നു. നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ലാന്റ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റവന്യൂ, രജിസ്ട്രേഷൻ എന്നീ രംഗങ്ങളിൽ കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാകുന്നതോടെ റവന്യൂ കാർഡ് വഴി നൽകുവാൻ ഉദ്ദേശിക്കുന്ന വിവരങ്ങൾ കമ്പ്യൂട്ടറൈസ്ഡ് സിസ്റ്റത്തിലൂടെ പരിഷ്കരിച്ച് നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) & (ഡി) നിലവിലുള്ളതിൽ നിന്നും കൂടുതൽ പുതിയതായി ഉൾപ്പെടുത്തേണ്ട വിവരങ്ങളെ സംബന്ധിച്ച് ഉടനെ തീരുമാനം എടുക്കുന്നതാണ്. അതിനനുസരിച്ച് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ച് 2006 നവംബർ 1 മുതൽ ഇതു സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

## വിദ്യാഭ്യാസ വായ്പ ലഭ്യമാക്കുന്നതിന് നടപടി

*190 ശ്രീ. എം. ഹംസ
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. ടി. ജലീൽ
ശ്രീമതി കെ. കെ. ലതിക
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ; ഏതെല്ലാം കോഴ്സുകൾക്കാണ് വായ്പ അനുവദിക്കുന്നത്;

(ബി) വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിന് മുൻ വർഷങ്ങളിൽ അനുഭവപ്പെട്ടിരുന്ന ബുദ്ധിമുട്ട് ഈ വർഷം ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കുമോ; ഇതിനായി എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിൽ കാണിച്ച വിമുഖത ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് ആൾ ജാമ്യമോ വസ്തു ഈടോ ആവശ്യപ്പെടുന്ന ബാങ്കുകൾക്കെതിരെ സംസ്ഥാന സർക്കാരിന് എന്തെങ്കിലും നടപടിയെടുക്കാൻ സാധിക്കുമോ; എങ്കിൽ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. എം.എ.ബേബി**

**(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി)**

(എ) റിസർവ്വ് ബാങ്ക് നിർദ്ദേശമനുസരിച്ചാണ് വിദ്യാഭ്യാസ വായ്പ അനുവദിച്ചു വരുന്നത്. ഇതു സംബന്ധിച്ച് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ/ഐ.ഡി.എ.പുറപ്പെടുവിച്ചിട്ടുളള സർക്കുലർ അനുബന്ധമായി ചേർത്തിട്ടുണ്ട്. ( അനുബന്ധം നിയമസഭാ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്.)

(ബി) ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി) കൊളാറ്ററൽ സെക്യൂരിറ്റി ആവശ്യപ്പെടാതെ 4 ലക്ഷം രൂപവരെ വിദ്യാർത്ഥികൾക്ക് വായ്പ അനുവദിക്കണമെന്ന് റിസർവ്വ് ബാങ്ക് എല്ലാ ബാങ്കുകൾക്കും സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. റിസർവ്വ് ബാങ്കിന്റെ നിർദ്ദേശപ്രകാരമാണ് ബാങ്കുകൾ പ്രവർത്തിക്കുന്നത്.

## സാക്ഷരതാ മിഷന്റെ പ്രവർത്തനം

*191 ശ്രീ. ആർ. സെൽവരാജ്
ശ്രീമതി കെ. എസ്. സലീഖ
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
ശ്രീ. സി.എം. ദിനേശ് മണി
,, മുരളി പെരുനെല്ലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാക്ഷരതാ പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(ബി) സമ്പൂർണ്ണ സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) സാക്ഷരത നേടിയവർക്ക് തുടർ പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) സമ്പൂർണ്ണ സാക്ഷരത നേടിയ ജില്ലകൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

**ഉത്തരം**

**ശ്രീ. എം.എ.ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി)**

(എ) ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രേരക്മാരുടെ ഓണറേറിയം കൃത്യമായി നൽകാൻ കഴിയാത്തതിനാൽ, സാക്ഷരതാ പ്രവർത്തനങ്ങൾ കുറച്ചുകാലം മന്ദഗതിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും തുക അനുവദിച്ച് ഇക്കാര്യം പരിഹരിച്ചിട്ടുണ്ട്. സാക്ഷരതാ പ്രവർത്തനങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ കേന്ദ്ര സംസ്ഥാന വിഹിതമായി കൂടുതൽ തുക വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം വിവിധ തലങ്ങളിലുള്ള സാക്ഷരതാ പ്രവർത്തകർക്ക് പരിശീലനങ്ങളും പ്രവർത്തനങ്ങളുടെ കൃത്യമായ അവലോകനവും നടന്നുവരുന്നുണ്ട്.

(ബി) സംസ്ഥാനത്തു നടന്നുവരുന്ന സാക്ഷരതാ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ താഴെ തട്ടു മുതൽ തന്നെ കൃത്യമായ അവലോകനത്തിന് വിധേയമാക്കുന്നുണ്ട്. ഇതിനായി മാസംതോറും ബ്ളോക്ക്/ജില്ലാ/സംസ്ഥാനതല പ്രവർത്തന അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. തുടർ വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനറിപ്പോർട്ട് വികസന വിദ്യാകേന്ദ്രങ്ങൾ മുഖേന ജില്ലാതലത്തിൽ ശേഖരിക്കുകയും അത് ക്രോഡീകരിച്ച് സംസ്ഥാനതല പ്രിതിമാസ അവലോകന യോഗങ്ങളിൽ സംസ്ഥാന സാക്ഷരതാ മിഷന് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ജില്ലാ കോർഡിനേറ്റർ/അസിസ്റ്റന്റ് കോർഡിനേറ്റർമാർ നിരന്തരം കേന്ദ്രങ്ങൾ സന്ദർശിച്ചും പ്രവർത്തനം വിലയിരുത്തുന്നുണ്ട്.

(സി) സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിലൂടെയും സാക്ഷരതാനന്തര പരിപാടിയിലൂടെയും സാക്ഷരരാക്കപ്പെട്ട ആളുകൾക്ക് തുടർ പഠനത്തിന് അവസരമൊരുക്കുകയാണ് തുടർ വിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടത്. സംസ്ഥാന സാക്ഷരതാ മിഷൻ ആരംഭിച്ചിരിക്കുന്ന 4, 7, 10 തുല്യതാ ക്ലാസ്സുകൾ നവസാക്ഷരരും സ്കൂളിൽ നിന്ന് കൊഴിഞ്ഞു പോയവരുമായ വലിയൊരു വിഭാഗം ജനങ്ങളും പ്രയോജനപ്പെടുത്തുന്നുണ്ട്. തുല്യതാ ക്ലാസ്സുകൾ കൂടാതെ സാധാരണക്കാരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും സർഗ്ഗശേഷി പരിപോഷിപ്പിക്കുന്നതിനും മറ്റും ഉതകുന്ന നിരവധി പരിപാടികളും കേന്ദ്രങ്ങളിലൂടെ നടത്തിവരുന്നുണ്ട്.

(ഡി) 90% വും അതിലധികവും സാക്ഷരതാ നിരക്കുള്ള ജില്ലകളെയാണ് സമ്പൂർണ്ണ സാക്ഷരത നേടിയ ജില്ലകളായി കണക്കാക്കുന്നത്. 2001-ലെ സെൻസസ് പ്രകാരം തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകൾ ഒഴിച്ചുള്ള ജില്ലകളെ സമ്പൂർണ്ണ സാക്ഷരത നേടിയ ജില്ലകളായി കണക്കാക്കാവുന്നതാണ്.

## സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലെ ക്രമക്കേടുകൾ

*192 ശ്രീ. വി.എൻ. വാസവൻ
,,സി.എച്ച്. കുഞ്ഞാംബു
,, എം. പ്രകാശൻ മാസ്റ്റർ
,,പി.ജയരാജൻ
,,എം.എം. മോനായി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലെ ക്രമക്കേട് സംബന്ധിച്ച ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) അഞ്ചുവർഷത്തിനടയിൽ ബാങ്കിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുമോ;

(സി) ബാങ്കിൽ നിക്ഷേപം നടത്തിയതിലും ബാങ്കിൽനിന്ന് വായ്പ എടുത്തതിലും നടന്ന ക്രമക്കേടിലൂടെ ബാങ്കിനുണ്ടായ നഷ്ടം എത്ര; ഇതിനുത്തരവാദികളായ ആളുകളിൽ നിന്ന് ബാങ്കിന് നഷ്ടപ്പെട്ട തുക ഈടാക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. ജി.സുധാകരൻ**
**(സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്. 2004-05 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം ലഭിച്ച സ്പെഷ്യൽ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുളള ക്രമക്കേടുകൾ വിശദമായി പരിശോധിച്ച് ബാങ്കിന് നോട്ടീസ് നൽകി വിശദീകരണം വാങ്ങിയതിനുശേഷം ഉചിതമായ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) 2004-05 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം ലഭിച്ച സ്പെഷ്യൽ റിപ്പോർട്ടിന്മേലുളള ബാങ്കിന്റെ വിശദീകരണം വാങ്ങിയതിനുശേഷം സമഗ്രമായ അന്വേഷണം ആവശ്യമാണെന്ന് ബോധ്യപ്പെട്ടാൽ അക്കാര്യം പരിശോധിക്കുന്നതാണ്. മുൻവർഷങ്ങളിൽ ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം ക്രമക്കേടുകളെ സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. ഇപ്പോൾ നടത്താൻ ഉദ്ദേശിക്കുന്ന അന്വേഷണത്തിൽ മുൻകാലയളവിലെ ഇടപാടുകളും അന്വേഷണവിധേയമാക്കേണ്ടതാണെന്ന് ബോധ്യപ്പെടുകയാണെങ്കിൽ അന്വേഷിക്കുന്നതാണ്.

(സി) സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് മറ്റു വാണിജ്യ ബാങ്കുകളിൽ സഹകരണ വകുപ്പിന്റെ അനുമതിയില്ലാതെ നടത്തിയ നിക്ഷേപത്തിലൂടെയും ബാങ്ക് വാണിജ്യ ബാങ്കുകളിൽനിന്നും എടുത്ത വായ്പയിലൂടെയും നഷ്ടം ഒന്നും ഉണ്ടായിട്ടില്ല. എന്നാൽ ട്രസ്റ്റ് സെക്യൂരിറ്റിയായ യു.ടി.ഐ. യൂണിറ്റ് 64-ൽ നിക്ഷേപിച്ച യൂണിറ്റുകളുടെ വില്പനയിൽ 51.40 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. ഓഹരി വിപണിയിലുണ്ടായ തകർച്ചമൂലമാണ് യു.ടി.ഐ. യൂണിറ്റുകൾക്ക് വിലയിടിവ് ഉണ്ടായതെന്ന് ബാങ്ക് വിശദീകരണം നൽകിയിട്ടുണ്ട്. ഇന്ത്യാ ഗവണ്മെന്റ് സ്ഥാപനമായ യു.ടി.ഐ.യുടെ യു.എസ്.64 ലുണ്ടായ വിലയിടിവിന് കാർഷിക വികസന ബാങ്ക് ഉത്തരവാദിയല്ല. എന്നാൽ വിലയിടിവ് ഉണ്ടാകുന്നതിനു മുൻപ് യൂണിറ്റ് വിൽക്കാൻ അവസരം ഉണ്ടായിട്ടും അതിനു ശ്രമിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാവുന്നതാണ്.

## സഹകരണമേഖലയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടി

193 ശ്രീ. എസ്. രാജേന്ദ്രൻ
,, കെ.കെ.ദിവാകരൻ
,, സി.എം. ദിനേശ്മണി
,, ആനത്തലവട്ടം ആനന്ദൻ
,, വി.ജെ. തങ്കപ്പൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിന് ഉദ്ദേശി ക്കുന്നുണ്ടോ; എങ്കിൽ പുതുതായി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) സഹകരണ മേഖലയിൽ പുതിയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇവ എങ്ങനെ നടപ്പാക്കാനാണ് ആലോചിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം:- ശ്രീ. ജി. സുധാകരൻ**
**(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി)**

(എ) ഉണ്ട്. 4% പലിശ നിരക്കിൽ കാർഷിക വായ്പകൾ നൽകി, കാർഷിക വായ്പാ രംഗത്ത് സഹകരണ സംഘങ്ങളുടെ കൂടുതൽ പങ്കാളിത്തം ഉറപ്പു വരുത്തുന്ന തിനും കാർഷിക വായ്പാ വിതരണം വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നു. ഈ വർഷം അരലക്ഷം പുതിയ കിസാൻ ക്രെഡിറ്റ് കാർഡുകൾ പ്രാഥമിക സഹക രണ സംഘങ്ങൾ വഴി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്. സ്വയം സഹായ സംഘ ങ്ങളുടെ എണ്ണം 50,000 ആയി വർദ്ധിപ്പിക്കാനും കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനായി പ്രത്യേക പഠനം നടത്തുന്നതിനും ഉദ്ദേശിക്കുന്നു. സ്കൂൾ, കോളേജ് സഹകരണ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ എന്നിവയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും പഠനം നടത്തി ആവശ്യമായ നടപടി കൾ സ്വീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു. മറ്റ് പദ്ധതികൾ ആലോചിച്ച് ഉചിത മായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) ഉണ്ട്. ഇത് സംബന്ധിച്ച് ആലോചനായോഗങ്ങൾ നടന്നു വരികയാണ്. സഹക രണ അക്കാഡമിയുടെ കീഴിൽ നിലവിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ പുതിയ ബ്രാഞ്ചുകളും, എം.ബി.എ., എം.സി.എ. തുടങ്ങിയ കോഴ്സുകളും ആരം ഭിക്കുവാനും നിലവിലുള്ള കോഴ്സുകളിലെ വിദ്യാർത്ഥി പ്രവേശനം വർദ്ധിപ്പിക്കു വാനും ആലോചിക്കുന്നു. ഇതിനുപുറമെ സൗജന്യമായി അടിസ്ഥാന സൗകര്യ ങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ആലപ്പുഴ ജില്ലയിൽ ഒരു എഞ്ചിനീയറിഗ് കോളേജ് തുടങ്ങുവാനും ഉദ്ദേശമുണ്ട്. കൂടാതെ കൊച്ചിയിലെ സഹകരണ മെഡിക്കൽ കോളേജിൽ മൂന്ന് പാരാമെഡിക്കൽ കോഴ്സുകൾ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കുവാനും ഉദ്ദേശിക്കുന്നു. കൂടാതെ സഹകരണ പ്രൊഫഷ ണൽ കോളേജുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) സഹകരണ അക്കാഡമി ഒരു സ്വാശ്രയ സഹകരണ സ്ഥാപനമാണ്. സർക്കാർ ഇൻസെന്റീവ് ഗ്രാന്റായി ലഭിക്കുവാനുള്ള തുകയും, ലാഭമോ നഷ്ടമോ വരാത്ത രീതിയിലുള്ള ഫീസ് ഈടാക്കിയും മറ്റു ധന സഹായങ്ങൾ സർക്കാരിൽനിന്നും സ്വീകരിച്ചും, പുതിയ വായ്പകളിൽനിന്നും ലഭ്യമാകുന്ന തുകയും ഉപയോഗിച്ച് പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കാർഷിക കടങ്ങൾ എഴുതി തള്ളുക നിമിത്തം പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ നഷ്ടത്തിലാകാൻ സാദ്ധ്യത

194 ശ്രീ.വി.എസ്.സുനിൽ കുമാ ർ
,,എൻ. അനിരുദ്ധൻ
,, പള്ളിപ്രം ബാലൻ
,, പി. തിലോത്തമൻ
ശ്രീ. ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കാർഷിക കടങ്ങൾ എഴുതി തള്ളുകയോ അവയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയോ ചെയ്യുന്നതു മൂലം പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ നഷ്ടത്തിലാകാൻ സാദ്ധ്യതയുണ്ടോ;

(ബി) എങ്കിൽ ആ നഷ്ടം നികത്തുന്നതിനായി പ്രസ്തുത സംഘങ്ങളെ സഹായിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) കാർഷിക വായ്പയ്ക്കു നല്കുന്ന ഈ ആനുകൂല്യം വിദ്യാഭ്യാസത്തിനുവേണ്ടി വായ്പ എടുത്തിട്ടുള്ള നിർദ്ധനർക്കു കൂടി ബാധകമാക്കുന്ന തിനുള്ള നടപടി സ്വീകരിക്കുമോ?

**ഉത്തരം:- ശ്രീ. ജി. സുധാകരൻ**
**(സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി)**

(എ) സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും വിതരണം ചെയ്ത കാർഷിക വായ്പകൾ എഴുതിത്തള്ളുന്നതിന് നിലവിൽ സഹകരണ വകുപ്പിൽ തീരുമാനമോ നടപടിയോ കൈക്കൊണ്ടിട്ടില്ല. എന്നാൽ ആത്മഹത്യ ചെയ്ത കർഷകരുടെ പേരിൽ സഹകരണസംഘങ്ങളിൽ നിലനിൽപ്പുള്ള 5 ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകൾ എഴുതിത്തള്ളുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്നതുകൊണ്ടു മാത്രം പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ നഷ്ടത്തിലാകാൻ സാദ്ധ്യതയില്ല.

(ബി) മോറട്ടോറിയം പ്രഖ്യാപിക്കുന്നതു മൂലം സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നഷ്ടം ഉണ്ടാകാൻ സാദ്ധ്യതയില്ല. മോറട്ടോറിയം കാലയളവിൽ വായ്പകൾക്ക് ജനിക്കുന്ന പലിശ സംഘം അംഗങ്ങളുടെ അക്കൗണ്ടിൽ വരവ് വച്ച് നൽകുന്നത് സർക്കാർ റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നുണ്ട്.

(സി) വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ള നിർദ്ധനർക്കായി സഹായം നൽകുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## റവന്യൂ ഓഫീസുകളിൽ കമ്പ്യൂട്ടർ വത്ക്കരണ  പരിപാടികൾ

195 ശ്രീ. വി. ചെന്താമരാക്ഷൻ
ശ്രീ. സി. കെ. സദാശിവൻ
,, പി. പി. അബ്ദുള്ളക്കുട്ടി
,, എം. ജെ. ജേക്കബ്
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഓഫീസുകളുടെ ആധുനികവത്ക്കരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) റവന്യൂ ഓഫീസുകളുടെ കമ്പ്യൂട്ടർവത്ക്കരണ പരിപാടികൾ എത്രത്തോളമായി: എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) ഭൂരേഖകൾ കമ്പ്യൂട്ടർ വത്ക്കരിക്കുന്ന നടപടി എത്രത്തോളമായിട്ടുണ്ട്;

(ഡി) റവന്യൂ ഓഫീസുകളിലെ ഫയലുകൾ കമ്പ്യൂട്ടറിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ജോലി എത്രത്തോളമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം:- ശ്രീ. കെ.പി. രാജേന്ദ്രൻ**
**(റവന്യൂ വകുപ്പു മന്ത്രി)**

(എ) റവന്യൂ ഓഫീസുകളുടെ ആധുനികവൽകരണത്തിന്റെ ഭാഗമായി എം.ജി.പി.യു.ടെ സേവനപ്രദാന പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും താലൂക്ക് ഓഫീസുകളിലും തിരഞ്ഞെടുത്ത 483 വില്ലേജ് ഓഫീസുകളിലും ആധുനികവൽകരണം അന്തിമഘട്ടത്തിലാണ്. കമ്പ്യൂട്ടർവൽക്കരണം കോട്ടയം ജില്ലയിൽ 52 വില്ലേജിൽ പൂർത്തിയാകുന്നു. ഇതിന്റെ ഉൽഘാടനം ജൂലായ് 31-ന് തീരുമാനിച്ചിട്ടുണ്ട്.

(ബി) & (സി) റവന്യൂ ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം ദ്രുതഗതിയിൽ നടന്നു വരുന്നു. ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ 100% ഡാറ്റാ എൻട്രി പൂർത്തിയായിട്ടുണ്ട്. പത്തനംതിട്ട 95%വും തൃശൂർ 90%വും പാലക്കാട് 94%വും ഡാറ്റാ എൻട്രി പൂർത്തിയായിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഡാറ്റാ എൻട്രി നടപടികൾ പുരോഗമിച്ചു വരുന്നു. 27/6/2006-ന് ചേർന്ന സംസ്ഥാനതല യോഗം ഇതിനായി സമയബന്ധിതമായ പ്രോഗ്രാം തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. സി.സി. സ്യൂട്ട് പ്രൊജക്ട് നടപ്പിലാക്കി. പാലക്കാട് ജില്ലയിൽ കളക്ടറേറ്റിലെ ഫയലുകൾ കമ്പ്യൂട്ടറിൽ ആക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

## വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർത്ഥികളുടെ ഉപരിപഠനം

196 ശ്രീ. ബി.ഡി. ദേവസ്സി
,,എ.എം. യൂസഫ്
,,കെ.വി. അബ്ദുൾ ഖാദർ
,,എ.സി.മൊയ്തീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ നിന്നും കോഴ്സ് പൂർത്തിയാക്കുന്നവർക്ക് അവർ പഠിച്ച ട്രേഡിൽ ഉപരിപഠനം നടത്തുന്നതിന് നിലവിൽ ഉള്ള സാധ്യതകൾ എന്തെല്ലാമാണ്;

(ബി) ഇവർക്ക് ഡിഗ്രി തലത്തിൽ ഉപരിപഠനം നടത്താൻ സൗകര്യമില്ലാത്തത് സംബന്ധിച്ച് സർക്കാരിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; ഈ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസത്തിന് ലഭിക്കുന്ന കേന്ദ്ര സഹായത്തിന്റെ വിശദാംശം നൽകുമോ; ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനായി കേന്ദ്ര സർക്കാരിൽനിന്നും സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) വൊക്കേഷണൽ ഹയർസെക്കന്ററി കോഴ്സ് പൂർത്തിയാക്കുന്നവരിൽ നിന്നും ക്യാമ്പസ് സെലക്ഷൻ നടത്താൻ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

**ഉത്തരം:– ശ്രീ. എം.എ. ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)**

(എ) വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഹയർ സെക്കന്ററി തലത്തിൽ അവസാനിക്കുന്ന തരത്തിലാണ് പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. അതുകൊണ്ട് വി.എച്ച്.എസ്.ഇ. തലത്തിൽ പഠിക്കുന്ന അതേ ട്രേഡിൽ ഉപരിപഠനം നടത്തുന്നതിന് സംസ്ഥാനത്ത് നിലവിൽ പദ്ധതികളൊന്നുമില്ല.

(ബി) സംസ്ഥാനത്തും പുറത്തുമുള്ള 24 സർവ്വകലാശാലകൾ വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകൾ ഹയർ സെക്കന്ററി കോഴ്സുകൾക്ക് തുല്യമായി അംഗീകരിച്ച് ബിരുദ തലത്തിലുള്ള വിദ്യാഭ്യാസത്തിന് അവസരം നൽകി വരുന്നുണ്ട്.

(സി) കോഴ്സുകൾ നടത്തുന്നതിന് ആദ്യത്തെ 5 വർഷം ശമ്പളം ഇനത്തിൽ ചെലവാകുന്ന തുകയുടെ 75%ഉം പഠനാനുബന്ധ പ്രവർത്തനങ്ങൾക്ക് 100%ഉം തൊഴിലധിഷ്ഠിതമേഖലയെ പരിപോഷിപ്പിക്കുന്ന മറ്റ് മേഖലകൾക്ക് 50%ഉം കേന്ദ്ര സർക്കാരാണ് നൽകുന്നത്. ബാക്കി സംസ്ഥാന സർക്കാർ വഹിച്ചിരിക്കണം. കേന്ദ്ര സർക്കാരിന്റെ സ്കീം ഓഫ് വൊക്കേഷണലൈസേഷൻ ഓഫ് ഹയർ സെക്കന്ററി എഡ്യൂക്കേഷൻ പ്രകാരമാണ് സംസ്ഥാനത്ത് വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകൾ നടത്തുന്നത്. പ്രസ്തുത പദ്ധതി പ്രകാരം ബിരുദ കോഴ്സുകൾ നടത്താൻ അനുവാദമില്ല.

(ഡി) ഇല്ല. ഇതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## സഹകരണമേഖലയിലെ അഴിമതി

197 ശ്രീ. പി. വിശ്വൻ
,, എം. എം. മോനായി
'' ടി. പി. കുഞ്ഞുണ്ണി
ശ്രീമതി ജെ. അരുന്ധതി
ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിൽ നടക്കുന്ന അഴിമതിയും ക്രമക്കേടും സാമ്പത്തിക തിരിമറിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അഴിമതികളെക്കുറിച്ച് അന്വേഷിക്കുന്നതിന് ഉന്നതതല കമ്മീഷനെ നിയമിക്കുന്നകാര്യം പരിഗണനയിലുണ്ടോ; അതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(സി) മതിയായ ഈടില്ലാതെ വായ്പകൾ നല്കുന്നതു മൂലവും ബിനാമിവായ്പകൾ നല്കുന്നതു മൂലവും സഹകരണ മേഖലയിലെ നോൺ പെർഫോമിംഗ് അസറ്റിന്റെ അനുപാതം ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അഴിമതി തടയുന്നതിന് സഹകരണമേഖലയിലെ ഓഡിറ്റിംഗ് ശക്തിപ്പെടുത്തുകയും ഇന്റേണൽ വിജിലൻസ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്നകാര്യം പരിഗണിക്കുമോ?

**ഉത്തരം:– ശ്രീ. ജി. സുധാകരൻ**
**(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി)**

(എ) ഉണ്ട്.

(ബി) പരിഗണനയിലുണ്ട്.കമ്മീഷന്റെ ഘടനയെപ്പറ്റി തീരുമാനമായിട്ടില്ല.

(സി) ഉണ്ട്.

(ഡി) സഹകരണമേഖലയിലെ ഓഡിറ്റിംഗ് ശക്തിപ്പെടുത്തുന്നതിനും നിലവിലുള്ള വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും.

## പ്രൊഫഷണൽ കോളേജ് പ്രവേശനത്തിനുള്ള കൗൺസലിംഗ്

198

ശ്രീ. സി. പി. മുഹമ്മദ്
,, കെ. സുധാകരൻ
,, കെ. ബാബു

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പ്രൊഫഷണൽ കോളേജുകളിലേയ്ക്കുള്ള പ്രവേശനത്തിന്റെ കൗൺസലിംഗ് ആരംഭിക്കുന്നതെന്നാണ്;

(ബി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ ഈ വർഷം പ്രത്യേക പ്രവേശന പരീക്ഷ നടത്തുന്നുണ്ടോ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കൊടുത്തിട്ടുണ്ടോ; എങ്കിൽ അത് എന്തെന്നു വ്യക്തമാക്കുമോ;

(ഡി) ഈ നിർദ്ദേശങ്ങൾ സ്വാശ്രയ മാനേജ്മെന്റുകൾ അംഗീകരിയ്ക്കാത്ത പക്ഷം എന്തു നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത് ?

**ഉത്തരം:– ശ്രീ. എം.എ. ബേബി**
**(വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പു മന്ത്രി)**

(എ) ജൂലൈ മാസം ആരംഭിക്കുന്നതാണ്.

(ബി) & (സി) പ്രൊഫഷണൽ കോളേജുകളെ സംബന്ധിച്ച് സമഗ്രമായ ഒരു നിയമം നിർമ്മിക്കുന്നതിനുള്ള ബിൽ നിയമസഭയുടെ പരിഗണനയിലാണ്. പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ഈ വർഷത്തെ പ്രവേശനം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

## അനുഷ്ഠാന കലാകാരൻമാർക്ക് സഹായം നൽകുന്നതിന് നടപടി

199 ശ്രീ. എ.കെ. ശശീന്ദ്രൻ
,,കെ.പി. മോഹനൻ
,,ജോസ് തെറ്റയിൽ
,,പി.എം.എ. സലാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസവും സാംസ്ക്കാരികവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അനുഷ്ഠാന കലാകാരന്മാരുടെ ജീവിതം ദുരിത പൂർണാമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിത്യ ജീവിതത്തിന് പോലും ബുദ്ധിമുട്ടുന്ന പ്രസ്തുത കലാകാരന്മാർക്കായി എന്തൊക്കെ ആശ്വാസ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം:– ശ്രീ. എം.എ. ബേബി**
**(വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പു മന്ത്രി)**

(എ) ഉണ്ട്.

(ബി) അനുഷ്ഠാന കലാകാരന്മാരുൾപ്പെടെ 2000 അവശരായ കലാകാരന്മാർക്ക് പ്രതിമാസം 500 രൂപ വീതം സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയും നിർദ്ധനരായ കലാകാരന്മാർക്ക് പരമാവധി 10,000 രൂപ വരെ ചികിത്സാ ധനസഹായം നൽകുന്ന പദ്ധതിയും നിലവിലുണ്ട്. അക്കാദമികൾ വഴി അനുഷ്ഠാന കലാകാരന്മാരുൾപ്പെടെയുള്ളവർക്ക് ചികിത്സാ ധനസഹായം, പരിപാടികൾ അവതരിപ്പിച്ച് സാമ്പത്തിക നേട്ടമുണ്ടാക്കുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കൽ, അവാർഡുകൾ, ഫെല്ലോഷിപ്പുകൾ എന്നിവ നൽകൽ എന്നിവ നടപ്പാക്കിവരുന്നുണ്ട്. കൂടുതൽ അവശ കലാകാരന്മാർക്ക് പെൻഷൻ അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം സർക്കാർ പരിഗണിച്ചുവരുന്നു.

## ഗവൺമെന്റ് പ്രൊഫഷണൽ കോളേജുകളിലെ ഫീസ്

200

ശ്രീ. എം. എ. വാഹീദ്
,, ജി. കാർത്തികേയൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രൊഫഷണൽ കോളേജുകളിലെ ഫീസ് നിർണ്ണയിച്ചത് എന്നാണ് ;

(ബി) എന്തെല്ലാം ഘടകങ്ങൾ കണക്കിലെടുത്താണ് ഈ ഫീസ് നിശ്ചയിച്ചത്;

(സി) ഈ ഫീസ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

**ഉത്തരം:– ശ്രീ. എം.എ. ബേബി**
**(വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പു മന്ത്രി)**

(എ) ഗവൺമെന്റ് പ്രൊഫഷണൽ കോളേജുകളിൽ ഇപ്പോൾ നിലവിലുള്ള ഫീസ് നിർണ്ണയിച്ചത് 2003 ൽ ആണ്.

(ബി) വർദ്ധിച്ചുവരുന്ന പഠനച്ചെലവ് കണക്കിലെടുത്താണ് ഫീസ് നിശ്ചയിച്ചത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## <u>പരിയാരം മെഡിക്കൽ കോളേജിൽ പി.ജി. കോഴ്സിലേക്കുള്ള പ്രവേശനം</u>

*201 ശ്രീ. എം . പ്രകാശൻ മാസ്റ്റർ
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
ശ്രീ. സി. കെ. പി. പത്മനാഭൻ
ശ്രീ. കെ. കുഞ്ഞിരാമൻ
ശ്രീ .പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) പരിയാരം മെഡിക്കൽ കോളേജിൽ പി. ജി. കോഴ്സിലേക്കുള്ള പ്രവേശനത്തിന് ക്യാപ്പിറ്റേഷൻ ഫീ വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരിയാരം മെഡിക്കൽ കോളേജിൽ സർക്കാരിന്റെ മൂലധന നിക്ഷേപം എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) സർക്കാരിന്റെ ഭാഗത്ത് നിന്ന് ഇത്രയധികം പ്രവർത്തനമൂലധനമുണ്ടായിട്ടും വിദ്യാർത്ഥി പ്രവേശനത്തിന് സർക്കാരിന്റെ നയം നടപ്പിലാക്കാത്തത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പരിയാരം മെഡിക്കൽ കോളേജിൽ വിദ്യാർത്ഥിപ്രവേശനത്തിന് സർക്കാർ നയം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം:– ശ്രീ. ജി. സുധാകരൻ**
**(സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി)**

(എ) ക്യാപ്പിറ്റേഷൻ ഫീ വാങ്ങുന്നതായി ആക്ഷേപം വന്നിട്ടുണ്ട്.

(ബി) 900.50 ലക്ഷം രൂപ

(സി) എം.ബി.ബി.എസ്. പ്രവേശനം സർക്കാർ നിർദ്ദേശത്തിനനുസരിച്ചാണ് ചെയ്യുന്നത്. പി.ജി. സീറ്റുകളിൽ നിർദ്ദേശം നടപ്പാക്കിയിട്ടില്ല. കോളേജ് അധികാരികളുടെ വീഴ്ചയാണ് കാരണം.

(ഡി) നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## നിർദ്ധനരായ മുന്നോക്ക വിഭാഗം പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം

*202 ശ്രീ. കെ. ബാബു
ശ്രീ. കെ. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് എന്തെങ്കിലും സാമ്പത്തിക സഹായമോ സ്കോളർഷിപ്പോ ഇപ്പോൾ നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) അവർക്ക് കൊടുക്കുന്ന തുക എത്രയായിരിക്കണമെന്ന് തീരുമാനിച്ചതെന്നാണ്;

(സി) ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇത്തരം വിദ്യാർത്ഥികൾക്ക് ഇപ്പോൾ യാതൊരുവിധ സാമ്പത്തിക സഹായങ്ങളും നൽകാത്ത പക്ഷം അവർക്ക് പഠന സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ ?

**ഉത്തരം:– ശ്രീ. എം. എ. ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി)**

(എ) കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നുണ്ട്. ഇതിന് നിശ്ചയിച്ചിട്ടുള്ള കുടുംബ വാർഷിക വരുമാനം 42,000 രൂപയാണ്.

(ബി) കെ. പി. സി. ആർ. ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് ആദ്യം സർക്കാർ ഉത്തരവായത് 1966 ലാണ്. 2-5-1966 ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി.)നമ്പർ 208/66/ഉ.വി.വ. പ്രകാരമാണ് .

(സി) & (ഡി) പ്രൊഫഷണൽ കോളേജുകളിലെ അഡ്മിഷൻ, ഫീസ് എന്നിവ സംബന്ധിക്കുന്ന കാര്യങ്ങളിൽ സമഗ്രമായ ഒരു നിയമ നിർമ്മാണം നടത്തുന്നതിനുള്ള നടപടി എടുത്തുവരുന്നു. ഇതിനുള്ള ബിൽ നിയമസഭയുടെ പരിഗണനയിലാണ്.

## സ്കൂളുകളിൽ ലബോറട്ടറി സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി

*203 ശ്രീ. ടി.പി. കുഞ്ഞുണ്ണി
,, എ.എം. ആരിഫ്
,, മഞ്ഞളാംകുഴി അലി
,, ബാബു എം. പാലിശ്ശേരി
,, വി. ശശികുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കുമോ; സംസ്ഥാനത്തെ സ്കൂളുകളിലെയും ഹയർ സെക്കന്ററി സ്കൂളുകളിലെയും ലാബറട്ടറി സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) സ്കൂളുകളിൽ നിലവിലുള്ള ലാബറട്ടറി സൗകര്യം പ്രയോജനപ്പെടുത്താൻ അധ്യാപകർ തയ്യാറാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം:– ശ്രീ. എം. എ. ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി)**

(എ) & (ബി) സംസ്ഥാനത്തെ സ്കൂളുകളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുകയെന്ന ലക്ഷ്യം മുൻപിൽ കണ്ടുകൊണ്ട് അദ്ധ്യാപക പരിശീലനം, പാഠ്യപദ്ധതിയിലെ കാലോചിതമായ പരിഷ്കരണം തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള സ്കൂൾ പാഠ്യപദ്ധതി, ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (NCF-2005) അടിസ്ഥാനത്തിൽ വീണ്ടും പരിഷ്കരിക്കാൻ നടപടികൾ ആലോചിക്കുന്നുമുണ്ട്. സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലബോറട്ടറി സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) ഇത്തരമൊരു പരാതി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.

## സഹകരണ സ്ഥാപനങ്ങൾ വഴി നൽകിയ വിദ്യാഭ്യാസ വായ്പകൾ

*204 ശ്രീ. എൻ. ശക്തൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസത്തിനുവേണ്ടി 2005-2006 ൽ എന്ത് തുകയ്ക്കുള്ള എത്ര വായ്പകൾ നൽകി;

(ബി) സഹകരണ സ്ഥാപനങ്ങൾ ഈ കാലയളവിൽ നൽകിയ ആകെ വായ്പയുടെ എത്ര ശതമാനമാണ് ഈ തുക എന്നു വ്യക്തമാക്കുമോ;

(സി) സഹകരണ സ്ഥാപനങ്ങൾ വഴി കൂടുതൽ വിദ്യാഭ്യാസ വായ്പ നൽകാനുള്ള നിർദ്ദേശം നൽകുമോ?

**ഉത്തരം:- ശ്രീ. ജി. സുധാകരൻ**
**(സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി)**

(എ) 9117 വിദ്യാഭ്യാസ വായ്പകളിലായി ആകെ 4697.71 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(ബി) 0.25 ശതമാനമാണ്

(സി) നിർദ്ദേശം നൽകുന്നതാണ്.

## ഓപ്പൺ സർവ്വകലാശാല സ്ഥാപിയ്ക്കാൻ നടപടി

*205 ശ്രീ. ജി.കാർത്തികേയൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ടി. എൻ.പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കാനുദ്ദേശ്യമുണ്ടോ ;

(ബി) അതിനുവേണ്ടി എന്തെല്ലാം നടപടികളെടുത്തു എന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം:- ശ്രീ. എം. എ. ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) ഇത് വരെ സ്വീകരിച്ചിട്ടുള്ള നടപടികൾ പരിശോധിച്ച് ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള തുടർ നടപടികൾക്ക് രൂപം നൽകുന്നതാണ്.

## <u>പുനർ വായ്പയ്ക്ക് ചുമത്തുന്ന പലിശ</u>

*206 ശ്രീ.എം. മുരളി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യത്തിന് നബാർഡ് തരുന്ന പുനർ വായ്പയ്ക്കു് ചുമത്തുന്ന പലിശ എത്രയാണ്;

(ബി) ഈ തുക സംസ്ഥാന സഹകരണ ബാങ്കുകൾ ജില്ലാ ബാങ്കിനും ജില്ലാ ബാങ്കുകൾ പ്രാഥമിക ബാങ്കുകൾക്കും എത്ര ശതമാനം പലിശയ്ക്കാണ് നൽകുന്നത്;

(സി) ഇത്തരം വായ്പയുടെ പലിശ കുറയ്ക്കുവാൻ നടപടിയെടുക്കുമോ ?

**ഉത്തരം:- ശ്രീ. ജി. സുധാകരൻ**
**(സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി)**

(എ) നബാർഡ് തരുന്ന പുനർ വായ്പാ പദ്ധതി പ്രകാരം കാർഷിക വായ്പകൾക്കുള്ള പലിശ നിരക്ക് 5.50%വും സംസ്ഥാന സഹകരണ ബാങ്കിന്റെ എൻ.പി.എ. 20%ന് മുകളിൽ ആയാൽ പലിശ നിരക്ക് 5.75%വുമാണ്.

(ബി) സംസ്ഥാന സഹകരണ ബാങ്കുകൾ ഈ തുക 6.25% നിരക്കിൽ ജില്ലാ സഹകരണ ബാങ്കുകൾക്കും ജില്ലാ സഹകരണ ബാങ്കുകൾ 6.75% നിരക്കിൽ പ്രാഥമിക സഹകരണ ബാങ്കുകൾക്കും നൽകുന്നുണ്ട്.

(സി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സഹകാരികളുടേയും ബാങ്ക് അധികൃതരുടേയും യോഗത്തിൽ ഉണ്ടായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാർഷിക വായ്പകളുടെ പലിശ നിരക്ക് കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾ തുടർന്നുവരുന്നു.

## മലയാളം മീഡിയത്തിൽ പഠിച്ച വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരീക്ഷകളിൽ സംവരണം

*207 ശ്രീ. എ. പി. അനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടത്തുന്ന മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്കുള്ള എൻട്രൻസ് പരീക്ഷകളിൽ സി.ബി.എസ്.ഇ. സിലബസിൽ പഠിച്ച കുട്ടികൾക്കാണ് റാങ്കുകൾ കൂടുതലും കിട്ടുന്നതെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മത്സര പരീക്ഷകൾക്കിരിക്കുന്ന മലയാളം മീഡിയത്തിൽ പഠിച്ചതും നിർധനരുമായ കുട്ടികൾക്ക് റാങ്ക് കരസ്ഥമാക്കാൻ കഴിയാതെ വരുന്നതിനാൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം നഷ്ടപ്പെടുകയാണെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) മലയാളം മീഡിയത്തിൽ പഠിച്ച വിദ്യാർത്ഥികൾക്ക് സർക്കാർ നടത്തുന്ന എൻട്രൻസ് പരീക്ഷകളിൽ 10% സീറ്റ് സംവരണം നൽകാനുള്ള നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

**ഉത്തരം:- ശ്രീ. എം. എ. ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി)**

(എ) സി.ബി.എസ്.ഇ. സിലബസ്സിൽ പഠിച്ച കുട്ടികൾക്ക് മറ്റ് സിലബസ്സിൽ പഠിച്ച കുട്ടികളേക്കാൾ റാങ്കുകൾ കൂടുതൽ ലഭിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മലയാളം മീഡിയത്തിൽ പഠിച്ച വിദ്യാർത്ഥികൾക്ക് സർക്കാർ നടത്തുന്ന എൻട്രൻസ് പരീക്ഷകളിൽ ഉയർന്ന റാങ്ക് കരസ്ഥമാക്കാൻ കഴിയാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മലയാളം മീഡിയത്തിൽ പഠിച്ച വിദ്യാർത്ഥികൾക്ക് മാത്രമായി സംവരണം നൽകണമെന്ന നിർദ്ദേശം പരിശോധിക്കുന്നതാണ്.

## സഹകരണ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ്

*208 ശ്രീ. തേറമ്പിൽ രാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ് ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തടിസ്ഥാനത്തിൽ എന്നു പറയുമോ;

(സി) സഹകരണ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ ഇപ്പോൾ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്;

(ഡി) എങ്കിൽ നഷ്ടം ഒഴിവാക്കാനുള്ള പരിഹാരമാർഗ്ഗമെന്തെന്ന് വ്യക്തമാക്കുമോ?

**ഉത്തരം:– ശ്രീ. ജി. സുധാകരൻ**
**(സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി)**

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) അതെ

(ഡി) ലാഭമോ നഷ്ടമോ കൂടാതെ ഈ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കാൻ ആവശ്യമായ വരുമാനം ലഭിക്കത്തക്ക വിധത്തിൽ പ്രവർത്തനം ക്രമീകരിക്കുകയാണ് പരിഹാരമാർഗ്ഗം.